**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4536** **01-07-2024 - ൽ മറുപടിയ്ക്ക്**

**നവകേരളീയം കുടിശിക നിവാരണം 2023**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | നവകേരളീയം കുടിശിക നിവാരണം-2023, എന്ന് മുതലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | “നവകേരളീയം കുടിശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023” ഫെബ്രുവരി 1 മുതൽ നടപ്പിലാക്കി. 2023 ഫെബ്രുവരി 1 -ന് ആരംഭിച്ച ടി പദ്ധതി 2023 ഏപ്രിൽ 30 വരെയും, പദ്ധതിയുടെ രണ്ടാം ഘട്ടം 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും നടപ്പിലാക്കി. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംഘം തലത്തിൽ എത്ര രൂപ വരെയുള്ള കിഴിവുകളാണ് തീർപ്പാക്കി നൽകാൻ അനുമതി നൽകിയിരുന്നത്; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംഘം തലത്തിൽ ചുവടെ പറയും പ്രകാരമുള്ള കിഴിവുകളാണ് തീർപ്പാക്കാൻ അനുമതി നൽകുന്നത്.<br>• 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25000/- രൂപ വരെയുള്ള വായ്പകൾ ബാക്കി നിൽപ്പ് മുതൽ തുക മാത്രം ഈടാക്കി വായ്പാ ഇളവ് അനുവദിക്കുന്നതിന് സംഘം തല കമ്മിറ്റിയ്ക്ക് അനുമതിയുണ്ട്.<br>• 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25000/- രൂപയ്ക്ക് മുകളിൽ 50000/- രൂപ വരെയുള്ള വായ്പകളിൽ ബാക്കി നിൽപ്പ് മുതൽ തുകയും പലിശയുടെ 50 ശതമാനവും ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് സംഘംതല കമ്മിറ്റിയ്ക്ക് അനുമതിയുണ്ട്.<br>• 5 വർഷത്തിൽ താഴെ കുടിശ്ശികയായ 25000/- രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് അനുവദിക്കുന്നതിന് സംഘം തല കമ്മിറ്റിയ്ക്ക് സാധിക്കും.<br>• 5 വർഷത്തിൽ താഴെ കുടിശ്ശികയായ 25000/- രൂപയ്ക്ക മുകളിൽ 50000/- രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 30 ശതമാനം വരെ ഇളവ് അനുവദിക്കുന്നതിനും സംഘം തല കമ്മിറ്റിയ്ക്ക് സാധിക്കും |

| | | | |
|---|---|---|---|
| | | | • 50000/- രൂപയ്ക്ക് മുകളിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 25 ശതമാനം വരെ പലിശയിൽ സംഘംതല കമ്മിറ്റിയ്ക്ക് ഇളവ് അനുവദിക്കാവുന്നതാണ്. |
| (സി) | എത്ര രൂപയിൽ കൂടുതലുള്ള ഇളവ് നൽകുന്നതിനാണ് സംസ്ഥാനതല സമിതിയുടെ അംഗീകാരം വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്; | (സി) | സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരകരോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗികമായോ/ പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാദ്ധ്യത ഭാഗികമായോ/ പൂർണ്ണമായോ ഇളവ് അനുവദിക്കുന്നതിന് ടി പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികൾക്ക് അനുമതിയുണ്ട്. ആയതിന്റെ പരിധി ചുവടെ പറയും പ്രകാരമാണ്.<br>• 50000 രൂപ വരെയുള്ള ഇളവുകൾ സംഘംതല കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്നതാണ്.<br>• 50000 രൂപയ്ക്ക് മുകളിൽ 2 ലക്ഷം രൂപ വരെയുള്ള ഇളവുകൾ ജില്ലാതല കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്നതാണ്.<br>• 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഇളവുകൾ സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്നതാണ്. |
| (ഡി) | ഇതുവരെയായി എത്ര നിർദേശങ്ങളാണ് സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി എത്തിയിട്ടുള്ളത്; | (ഡി) | 23.09.2022 – ന് ശേഷം 26.06.2024 വരെ 158 നിർദ്ദേശങ്ങൾ സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭ്യമായിരുന്നു. ആയതിൽ 145 അപേക്ഷകൾ 20.09.2023- ന് ചേർന്ന സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി തീർപ്പാക്കിയിട്ടുള്ളതാണ്. ബാക്കിയുള്ള 13 അപേക്ഷകളാണ് 20.09.2023- ന് ശേഷം ലഭ്യമായിട്ടുള്ളത്. |
| (ഇ) | സംസ്ഥാനതല സമിതിയുടെ ഘടന ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ ഘടന ചുവടെ പറയും പ്രകാരമാണ്.<br>1. ബഹു.സഹകരണ വകുപ്പ് മന്ത്രി - ചെയർമാൻ<br>2. ബഹ.സഹകരണ വകുപ്പ് സെക്രട്ടറി - അംഗം<br>3. ബഹു. സഹകരണ സംഘം രജിസ്ട്രാർ - കൺവീനർ<br>4. ബഹു.സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) - അംഗം |

| | | | |
|---|---|---|---|
| (എഫ്) | ഇതുവരെയായി സംസ്ഥാനതല സമിതി ചേർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സമിതിയുടെ യോഗം ചേരുന്നത് വൈകുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (എഫ്) | നവകേരളീയം കുടിശിക നിവാരണം 2023 -ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 ഫെബ്രുവരി 1 മുതൽ നടപ്പിലാക്കിയതിന് ശേഷം 20.09.2023 – ന് സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റി ചേരുകയും ലഭ്യമായ 145 അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>23.09.2022 – ന് ശേഷം ലഭ്യമായ 158 അപേക്ഷകളിൽ 145 അപേക്ഷകൾ 20.09.2023 തീയതിക്ക് മുൻപ് ലഭിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള 13 അപേക്ഷകളാണ് 20.09.2023 - ന് ശേഷം ലഭ്യമായിട്ടുള്ളത്. ജില്ലകളിൽ ലഭ്യമായിട്ടുള്ള അപേക്ഷകൾ ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കി കൂടുതൽ അപേക്ഷകൾ ഉൾപ്പെടുത്തി സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | കുടിശിക തീർപ്പാക്കൽ പദ്ധതി പ്രകാരം സമർപ്പിച്ച ഫയലുകളിൽ സംസ്ഥാനതല സമിതിയുടെ അംഗീകാരം വൈകുന്നത് മൂലം പ്രാഥമിക സംഘങ്ങൾക്ക് ലഭിക്കേണ്ട കുടിശിക തുക കിട്ടാൻ വൈകുന്നതായും ഇക്കാരണത്താൽ നിഷ്ക്രിയ ആസ്തി ഉയർന്ന തോതിൽ നിൽക്കുകയും ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ജി) | നവകേരളീയം കുടിശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നാമമാത്രമായ അപേക്ഷകളാണ് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭ്യമാകുന്നത്. സംസ്ഥാനതല സമിതിയുടെ അംഗീകാരം വൈകുന്നത് മൂലം പ്രാഥമിക സംഘങ്ങൾക്ക് ലഭിക്കേണ്ട കുടിശിക തുക കിട്ടാൻ വൈകുന്നതായും ഇക്കാരണത്താൽ നിഷ്ക്രിയ ആസ്തി ഉയർന്ന തോതിൽ നിൽക്കുകയും ചെയ്യുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ